ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ

92(2344) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടാതിരിക്കാനും ചൂഷണത്തിലൂടെ അവരിൽനിന്നും ഭൂമി വാങ്ങുന്നത് തടയാനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി എന്തെങ്കിലും നിയമനിർമ്മാണം ആവശ്യമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഭൂമി ഇല്ലാത്ത ആദിവാസികൾക്ക് മുഴുവനും ഭൂമി നൽകുന്ന പ്രക്രിയ പൂർത്തിയായോ ; ഇല്ലെങ്കിൽ എത്ര ഭൂമി ഇതിനായി ഇനിയും കണ്ടെത്തണ്ടതുണ്ടെന്നും അവ എങ്ങനെയാണ് കണ്ടെത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദിവാസി കോളനികളിൽ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. എസ്റ്റി. പ്രൊമോട്ടർമാർക്ക് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖാന്തരം പ്രത്യേക നിരീക്ഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം 1989 (POA ആക്ട് - 1989) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടിയും സ്വീകരിക്കുന്നുണ്ട്. 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം ഇപ്പോൾ സുപ്രീം കോടതി സാധുവാക്കിയിട്ടുള്ളതിനാൽ ഈ നിയമം അനുസരിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

(ബി) 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ട് നിലവിലുള്ള സാഹചര്യത്തിൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

(സി) സംസ്ഥാനത്ത് ഭൂമി ഇല്ലാത്ത ആദിവാസികൾക്ക് മുഴുവനും ഭൂമി നൽകുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. ഭൂരഹിതരായ 14230 ആദിവാസികൾ ഉള്ളതായി കണക്കാക്കുന്നു. ഒരു കുടുംബത്തിന് കുറഞ്ഞത് ഒരു ഏക്കർ എന്ന തോതിൽ നൽകുകയാണെങ്കിൽ ആകെ 14230 ഏക്കർ ഭൂമി കണ്ടെത്തേണ്ടി വരും. ആയതിനുള്ള നടപടികൾ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly